# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 16 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം 193 ആയി ചുരുങ്ങി

ജില്ലയിൽ പ്രവർത്തിക്കുന്ന മഴക്കെടുതി ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം 193 ആയി ചുരുങ്ങി. പ്രവർത്തനം അവസാനിപ്പിച്ച ക്യാമ്പുകളിൽ നിന്ന് ആളുകൾ വീടുകളിലേക്ക് മടങ്ങി. നിലവിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ 12717 കുടുംബങ്ങളിൽ നിന്നായി 36893 പേർ താമസിക്കുന്നു.

## അനുസ്മരണ ദിനം ആചരിച്ചു

കുറാഞ്ചേരിയിൽ മണ്ണിടിഞ്ഞ് 19 പേർ മരണമടഞ്ഞ സംഭവത്തിൽ ഒന്നാം വാർഷികം ആചരിച്ചു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ സ്മരണാർത്ഥം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ തിരിതെളിയിച്ച് പുഷ്പാർച്ചന നടത്തി. ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ മാതൃകയാണ് പ്രളയ ദുരന്തങ്ങളിലും തുടർന്നുള്ള അതിജീവന പ്രക്രിയയിലും പ്രതിഫലിച്ചതെന്നും ഈ ഐക്യം തുടരണമെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ പ്രളയത്തിന്റെ പ്രത്യാഘാതങ്ങൾ ഏറെനേരിട്ട പ്രദേശങ്ങളിലൊന്നായിരുന്നു തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിലുള്ള കുറാഞ്ചേരി. കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ ദേശീയപാത സമീപം സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് ഉരുൾപ്പൊട്ടിയുണ്ടായ ആളപായമായിരുന്നു ജനങ്ങളെ ഭീതിപ്പെടുത്തിയത്. കുട്ടികളും വൃദ്ധരും അടക്കം 5 വീടുകളിലായി 19 പേരാണ് ദുരന്തത്തിൽ മരണമടഞ്ഞത്. കുന്നുകുഴി വീട്ടിൽ മോഹനൻ, ആശ, അഖിൽ, അമൽ, മുണ്ടം പ്ലാക്കൽ വീട്ടിൽ ജെൻസൺ, സുമിത, മോസസ്സ്, ഹെനോക്ക്, യാഫത്ത്, ഷാജി, കളപ്പുരയ്ക്കൽ ഫ്രാൻസിസ്, സാലി (ആലീസ്), പാറേക്കാട്ടിൽ റോസി, എയ്ഞ്ചൽ, കൊല്ലം മുന്നേൽ മാത്യു, റോസ, മെറിൻ, മിൽന, സൗമ്യ (കരുത്തി വീട്) എന്നിവരാണ് അപകടത്തിൽ മരണപ്പെട്ടവർ.പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് 10 ലക്ഷം രൂപയുടെ ധനസഹായവും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നാല് ലക്ഷം രൂപ വീതവും വിതരണം ചെയ്തു. കൂടാതെ നഗരസഭയുടെ നേതൃത്വത്തിൽ ദുരന്തത്തിൽ തകർന്ന രണ്ട് കടമുറികൾ പുനസ്ഥാപിക്കുന്നതിന്റെ ഭാഗമായി സ്ഥലം അനുവദിച്ചു കൊടുക്കുകയും ചെയ്തു.

ഇതിനു പുറമെ മുൻസിപ്പാലിറ്റി, പഞ്ചായത്ത്, കെ.എസ്.ഇ.ബി, പി.ഡബ്ലിയു.ഡി എന്നിങ്ങനെ അനവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ ഇലട്രിസിറ്റി ലൈനുകളുടെയും കുടിവെള്ള പൈപ്പ് ലൈനുകളുടെയും പുനസ്ഥാപനം, തകർന്ന ഹൈവേയുടെ ഉപരിതല നിർമ്മാണം, റെയിൽവേ ട്രേക്കിന്റെ സംരക്ഷണഭിത്തി, അപകട മേഖലയിലേക്കുള്ള കോൺക്രീറ്റ് റോഡ് എന്നിങ്ങനെ ഒട്ടനവധി അനുബന്ധ പ്രവർത്തനങ്ങളും സർക്കാർ നടപ്പാക്കി.

അനിൽ അക്കര എം.എൽ.എ  അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എസ് ഷാനവാസ്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമാസ്, കുന്നംകുളം ഡി.വൈ.എസ്.പി. സിനോജ്, തെക്കുംകര പഞ്ചായത്ത് പ്രസിഡണ്ട് ഇ.കെ.ശ്രീജ, തെക്കുംകര പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സുനിൽകുമാർ എന്നിവർ ചടങ്ങിൽ തിരിതെളിയിച്ച് പുഷ്പപങ്ങൾ അർപ്പിച്ചു.

## കടയിലെ വസ്ത്രശേഖരം മുഴുവൻ ദുരിതാബാധിതർക്ക് നൽകി സഹോദരങ്ങൾ

സ്വന്തം തുണിക്കടയിലെ വസ്ത്രശേഖരം ദുരിതബാധിതർക്കായി സംഭാവന ചെയ്താണ് സഹോദരങ്ങളായ ഗീതയും അശോകനും ഈ ദുരന്തകാലത്തെ താരങ്ങളായി. ആളൂർ പഞ്ചായത്തിലെ കുമ്പിടിഞ്ഞാംപക്കൽ ഗീത അജിതനും കുറ്റിപ്പറമ്പിൽ അശോകനുമാണ് തങ്ങളുടെ കടയിലുണ്ടായിരുന്ന 4 ലക്ഷം രൂപ വിലമതിക്കുന്ന തുണിത്തരങ്ങൾ മുഴുവൻ ദുരിതബാധിതകർക്ക് നൽകിയത്. തൃശൂർ കളക്ടറേറ്റിലെത്തി സാധനങ്ങൾ മുഴുവൻ ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറി.

ആളൂർ പഞ്ചായത്തിലെ പറമ്പി റോഡിലാണ് ഗീതയും അജിതനും ചേർന്ന് ആറ് മാസങ്ങൾക്ക് മുമ്പ് പുതിയൊരു തുണിക്കടയാരംഭിച്ചത്. തരക്കേടില്ലാതെ കച്ചവടം മുന്നേറുന്നതിനിടിയിലാണ് മഴക്കെടുതിയിൽ സംസ്ഥാനം വീണ്ടും ദുരിതത്തിലായത്. ദുരിതബാധിതർക്ക് തങ്ങളാൽ കഴിയും വിധം എന്തുചെയ്യാനാകും എന്ന ആലോചനയാണ് കട മുഴുവനായി തന്നെ സംഭാവന ചെയ്യാം എന്ന തീരുമാനത്തിലേക്ക് എത്തിപ്പെത്. 6 മാസം മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക് ധരിക്കാവുന്ന വസ്ത്രങ്ങളാണ് കടയിലെ പ്രധാന ശേഖരം. ഇവ മുഴുവൻ ജില്ലാ കളക്ടർക്ക് കൈമാറി. 3000 കുട്ടികൾക്ക് വിതരണം ചെയ്യാനാവശ്യമായ വസ്ത്രങ്ങൾ ഈ ശേഖരത്തിലുണ്ട്. ഇവ മലപ്പുറത്തെ കവളപ്പാറയിലേക്ക് എത്തിക്കും. തൃശൂർ ജില്ലയിലെ ക്യാമ്പുകളിലേക്കും ഒരു ഭാഗം എത്തിക്കും.

കടയിൽ നിന്ന് സാധനങ്ങൾ പായ്ക്ക് ചെയ്യാനും കളക്ടറേറ്റിലേക്ക് മാറ്റാനുമായി നാട്ടുകാരും ആവേശപൂർവ്വം ഒപ്പം കൂടി. കെ യു അരുണൻമാസ്റ്റർ എംഎൽഎയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ചേർന്നാണ് വാഹനം ഫ്ളാഗ് ഓഫ് ചെയ്തത്.

## യു പി യിലെ മരുന്നു കമ്പനിക്കും ഉടമക്കും തൃശൂർ കോടതിയുടെ പിഴയും ശിക്ഷയും

ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി വിറ്റാമിൻ എ ആൻഡ് ഡി ക്യാപ്സൂൾസ് ഐപി നിർമ്മിച്ച് സർക്കാർ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും വിതരണം നടത്തിയതിന് മരുന്നു വിതരണ സ്ഥാപനത്തിനും ഡയറക്ടർക്കും ശിക്ഷയും പിഴയും ചുമത്തി. ഉത്തർ പ്രദേശിലെ കാൺപൂരിലുള്ള ആനോഡ് ഫാർമയെയും പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടർ പി കെ ടാന്റണനെയുമാണ് തൃശൂർ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി കുറ്റക്കാരാണെന്നു കണ്ടെത്തി ശിക്ഷിച്ചത്. ഒന്നാം പ്രതിയായ മരുന്നു നിർമ്മാണ കമ്പനിക്ക് പിഴയായി 25000 രൂപയും രണ്ടാം പ്രതിക്ക് ഒരു വർഷം തടവും 20000 രൂപ പിഴയും കോടതി വിധിച്ചു. കേസിനാസ്പദമായ മരുന്ന് പരിശോധനയെക്കടുത്തതും തുടരന്വേഷണം നടത്തിയതും തൃശൂർ അസി. ഡ്രഗ്സ് കൺട്രോളർ പി എം ജയനാണ്. ഡ്രഗ്സ് ഇൻസ്പെക്ടർ എസ് അജി കുറ്റപത്രം സമർപ്പിച്ചു. കേസ് കോടതിയിൽ നടത്തിയത് ഡ്രഗ്സ് ഇൻസ്പെക്ടർ ടി ഐ ജോഷിയാണ്. കേസിൽ സർക്കാരിന്റെ ഭാഗം വാദിക്കുന്നതിന് ഹാജരായത് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് ആയ ഇ വി അബ്ദുൾ റഷീദും പി സുഭജയുമാണ്.

## ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് (ആഗസ്റ്റ് 17) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

## റീടെണ്ടർ

പഴയന്നൂർ ശിശുവികസന പദ്ധതി ഓഫീസ് പ്രോജക്ടിലെ ഉപയോഗത്തിനായി വാഹനം വാടകക്ക് ലഭ്യമാക്കുവാൻ ടെണ്ടർ ക്ഷണിച്ചു. ഫോൺ: 04884-250527.

## ക്ഷീരോൽപാദക സഹകരണ സംഘം കോൺഫറൻസ് ഹാൾ ഉദ്ഘാടനം ചെയ്തു

ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 10 ലക്ഷം രൂപ ചിലവിൽ പൂർത്തീകരിച്ച ക്ഷീരോൽപാദക സഹകരണ സംഘം കോൺഫറൻസ് ഹാൾ ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലിയുടെ അദ്ധ്യക്ഷത വഹിച്ചു. മുതിർന്ന ക്ഷീരകർഷകൻ പുന്നിലത്ത് പി എം മജീദിനെ ആദരിച്ചു. മതിലകം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ ജി സുരേന്ദ്രൻ, മതിലകം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലൈനാ അനിൽ, മതിലകം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുവർണ്ണ ജയശങ്കർ തുടങ്ങിയവർ ആശംസ നേർന്നു.

## കൃഷിമന്ത്രി ഇടപെട്ടു: അയ്യന്തോളിലെ വെള്ളക്കെട്ടിന് ഒഴിവായി

അയ്യന്തോൾ കളക്ടറേറ്റിന് സമീപപ്രദേശങ്ങളിലായി ദിവസങ്ങളോളം നിലനിന്ന വെള്ള ക്കെട്ടിന് കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിന്റെ ഇടപെടലിനെ തുടർന്ന് ഒഴിവായി. പൂങ്കുന്നം, അയ്യന്തോൾ, ലുലു, കാർത്ത്യായനി അമ്പലം, ഉദയനഗർ, എകെജി നഗർ, പ്രിയദർശിനി നഗർ, പഞ്ചിക്കൽ ഭാഗങ്ങളിൽ ആണ് രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെട്ടത്. ജനജീവിതം ദുസ്സ ഹമാക്കിയ വെള്ളക്കെട്ട് ഒഴിവാക്കാൻ ഈ ബണ്ടിന്റെ ഇരുവശത്തും 6 അടി താഴ്ചയിൽ പൊളിച്ച് വെള്ളത്തിന്റെ ഒഴുക്ക് ഏനാമ്മാവ് കെട്ടിലേക്ക് ഒഴുക്കി വിട്ട് സുഗമമാക്കാനാണ് മന്ത്രി നിർദ്ദേശിച്ച ത്. പുഴക്കൽ അയ്യന്തോൾ റോഡിലെ വെള്ളക്കെട്ടിന് കാരണമായ ബണ്ടുകൾ പൊട്ടിക്കണമെന്ന് ആവശ്യപ്പെട്ട് റസിഡന്റ് അസോസിയേഷനും നാട്ടുകാരും കർഷകരും റോഡ് ഉപരോധിച്ചിരുന്നു. നഗരത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകി വരുന്ന വെള്ളം പഞ്ചിക്കൽ പാലം വഴി കുറി ഞ്ഞ്യാക്കൽ ബണ്ടിന് അടുത്തുള്ള പാലത്തിന് അടിയിലൂടെയുള്ള ചെറിയ ദ്വാരത്തിലൂടെ വെള്ളം ഒഴുകി പോകുന്നതാണ് ഈ പ്രതിസന്ധിക്ക് കാരണമായത്. മഴ നിന്നിട്ടും ഇവിടെ വെള്ളക്കെട്ട് രൂക്ഷമായിരുന്നു. നാട്ടുക്കാരും ജില്ലാ ഭരണകൂടവും തമ്മിൽ നടത്തിയ ചർച്ചയെ തുടർന്ന് കെഎൽഡിസി ഉദ്യോഗസ്ഥരും കാർഷിക സർവകലാശാലയിലെ ജീവനക്കാരും എത്തി ബണ്ട് പൊളിച്ച് തുറന്ന് വിട്ട് കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്തത് ഒഴുക്ക് സുഗമമാക്കി. ബണ്ട് പൊളിച്ചതോടെ ബണ്ടിന്റെ ഇരുവശത്തും നിന്നിരുന്ന വെള്ളക്കെട്ട് കുറഞ്ഞു. ഈ ബണ്ടിന് മുകളി ലുള്ള ചെറിയ പാലം നീക്കം ചെയ്ത് കൂടുതൽ സൗകര്യപ്രദമായൊരു പാലം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

## വെളിയിട വിസർജ്ജനമുക്തപദ്ധതി: അപേക്ഷ ക്ഷണിച്ചു

സ്വച്ഛ്ഭാരത് മിഷൻ വെളിയിട വിസർജ്ജനമുക്തപദ്ധതിയിൽ ശുചിമുറി നിർമ്മിക്കുന്നതിന് മാനദണ്ഡ പ്രകാരം യോഗ്യതയുണ്ടായിട്ടും ഒഴിവായി പോയ ബിപിഎൽ വിഭാഗത്തിൽപ്പെട്ടവർക്ക് ശുചിമുറി ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് 24 നകം അപേക്ഷ അതത് ബ്ലോക്ക് ഡവ ലപ്പ്മെന്റ് ഓഫീസിൽ നൽകണം. ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾ ശൗചാലയം സെപ്തംബർ 30 നകം പൂർത്തിയാക്കണമെന്ന് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ അറിയിച്ചു. ഫോൺ : 0487-2360154.

## വെള്ളപ്പൊക്കം: അടഞ്ഞു കിടക്കുന്ന തോടുകൾ തുറക്കണമെന്ന് ആവശ്യം

വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിന് കയ്പമംഗലം നിയോജമണ്ഡലത്തിലെ അടഞ്ഞു കിടക്കുന്ന തോടുകൾ തുറക്കണമെന്നും നിലവിലുള്ള തോടുകളുടെ വീതി കൂട്ടണമെന്നും ആവശ്യം. തുടർച്ചയായി വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന സാഹചര്യത്തിൽ മണ്ഡലത്തിലെ വെള്ളക്കെട്ട് വരുംകാലങ്ങളിൽ ഒഴിവാക്കുന്നത് സംബന്ധിച്ച് എംഎൽഎ ഇ.ടി.ടൈസൺ മാസ്റ്ററുടെ

അധ്യക്ഷതയിൽ ചേർന്ന താലൂക്ക് ഉന്നത തലയോഗത്തിലാണ് ആവശ്യമുയർന്നത്. പൊതുജനങ്ങളും ഉദ്യോഗസ്ഥരും സ്വകാര്യവ്യക്തികളും ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കണം. നിയോജകമണ്ഡലത്തിലെ വലിയ തോടുകൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ആഴം കൂട്ടി വൃത്തിയാക്കണം. പൊതുമരാമത്ത് വകുപ്പ് നിലവിലുള്ള കാനകൾ വൃത്തിയാക്കണമെന്നും അടഞ്ഞു കിടക്കുന്ന കാനകൾ തുറക്കണമെന്നും യോഗം ആവശ്യപ്പെട്ടു. വരും ദിവസങ്ങളിൽ ഓരോ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ത്രിതല പഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗം വിളിക്കുകയും പ്രളയത്തെ നേരിടേണ്ട പദ്ധതികളെ കുറിച്ച് മാർഗരേഖ തയ്യാറാക്കി സർക്കാറിലേക്ക് സമർപ്പിക്കുവാൻ തീരുമാനമായിട്ടുണ്ട്. ആവശ്യമെങ്കിൽ വാർഡ്തലത്തിലും യോഗം വിളിച്ച് ചേർക്കുമെന്നും എംഎൽഎ അറിയിച്ചു, മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ.കെ അബീദലി, തഹസിൽദാർ രേവ, എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, എടവിലങ്ങ് പഞ്ചായത്ത് പ്രസിഡന്റ് ആദർശ്, പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.സച്ചിത്ത്, ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് ഇ.കെ മല്ലിക, എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ്ബൈന പ്രദീപ്, മതിലകം പഞ്ചായത്ത് പ്രസിഡന്റ് ഇ.ജി. സുരേന്ദ്രൻ, കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് ടി.വി സുരേഷ്കുമാർ, പി.ഡബ്ല്യു.ഡി, ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## പരിശീലനം ഇന്ന് (ആഗസ്റ്റ് 17)

ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ജില്ലയിലെ കാനറാ ബാങ്ക് ജീവനക്കാർക്ക് പരിശീലനം സംഘടിപ്പിക്കുന്നു. ഇന്ന് (ആഗസ്റ്റ് 17) രാവിലെ 9 മുതൽ വൈകീട്ട് 5 വരെ കാനറാ ബാങ്കിന്റെ തൃശ്ശൂർ റീജിയണൽ ഓഫീസായ കൂർക്കഞ്ചേരിയിലാണ് പരിശീലനം. ദൈനംദിന ബാങ്കിങ് പ്രവർത്തനം ദേശീയ മുൻഗണനകൾക്ക് അനുസൃതമായി എങ്ങനെ ക്രോഡീകരിക്കാം എന്നതാണ് വിഷയം. തിരുവനന്തപുരം സർക്കിൾ ഓഫീസും തൃശ്ശൂർ റീജിയണൽ ഓഫീസും സംയുക്തമായാണ് പരിശീലനം സംഘടിപ്പിക്കുന്നത്.
ഫോൺ : 0487-2441200.

## പാഠപുസ്തക വിതരണം

ഈ അദ്ധ്യയന വർഷത്തെ വാല്യം രണ്ട് പാഠപുസ്തക അച്ചടി കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ പൂർത്തിയായി വരുന്നു. 6 കോടി ഒരു ലക്ഷത്തിൽപരം പാഠപുസ്തകങ്ങളാണ് അച്ചടിക്കേണ്ടത്. അതിൽ 2 കോടി 13 ലക്ഷം വാല്യം രണ്ട് പുസ്തകങ്ങളാണ് ഈ അധ്യയന വർഷം അച്ചടിക്കേണ്ടത്. വാല്യം രണ്ട് പാഠപുസ്തകങ്ങളുടെ 80 ശതമാനം അച്ചടിയും പൂർത്തിയായി. ആഗസ്റ്റിൽ തന്നെ ബാക്കിയുള്ള പാഠപുസ്തകങ്ങൾ പൂർത്തിയാകും. സെപ്തംബറിൽ വാല്യം മൂന്ന് പാഠപുസ്തകങ്ങളുടെ അച്ചടി ആരംഭിക്കും. വാല്യം രണ്ട് പാഠപുസ്തക വിതരണം ഇതിനോടകം തന്നെ 14 ജില്ലാ ഡിപ്പോകളിലും ആരംഭിച്ചു. വാല്യം രണ്ട് പാഠപുസ്തകങ്ങളുടെ വിതരണം 27 ശതമാനം പൂർത്തിയായി. വാല്യം ഒന്ന് പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ സ്കൂളുകളിൽ എത്തിച്ചിരുന്നു. പ്രളയം മൂലം പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം ലഭിച്ചാൽ ഉടൻ തന്നെ എത്തിച്ചു നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## മഴ മാറി; ആശങ്കയൊഴിഞ്ഞ് തീരദേശം

ഒരാഴ്ചയായി നിർത്താതെ പെയ്തിരുന്ന മഴ രണ്ട് ദിവസമായി മാറി നിന്നതോടെ തീരദേശത്ത് ആശങ്കയൊഴിഞ്ഞു. വെള്ളക്കെട്ട് ഒഴിഞ്ഞു പലരും വീടുകളിലേയ്ക്ക് മാറിയതോടെ ക്യാമ്പുകളുടെ എണ്ണവും കുറഞ്ഞു. പടിഞ്ഞാറൻ മേഖലയിൽ ഉള്ളവരാണ് ഇപ്പോഴും വെള്ളക്കെട്ട് ഭീഷണി നേരിടുന്നത്. രണ്ട് ദിവസം കുറഞ്ഞു നിന്ന മഴ പൂർവ്വാധികം ശക്തിയോടെ തിരിച്ചെത്തിയപ്പോൾ കനോലി കനാലിലെ ജലനിരപ്പ് പിന്നെയും ഉയർന്നത് ഈ പ്രദേശങ്ങളിലെ നിരവധി കുടുംബങ്ങളെ ദുരിതത്തിലാഴ്ത്തിയിരുന്നു. ഇതിനിടയിൽ മാറി നിന്ന മഴ രണ്ട് ദിവസം കഴിഞ്ഞ് തിരിച്ചു വന്നതോടെ ഒഴിഞ്ഞു പോയ വെള്ളക്കെട്ട് വീണ്ടും തിരിച്ചു വന്നത് ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് പോയവരെ ബുദ്ധിമുട്ടിലാക്കി. ബന്ധുവീടുകളിലേയ്ക്ക് പോയവരും തിരികെയെത്തി വീട് വൃത്തിയാക്കാൻ ആരംഭിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ ക്ളീനിംഗ് സാമഗ്രികൾ

അതത് പഞ്ചായത്തിലെ വാർഡ് മെമ്പർമാരുടെയും നഗരസഭ കൗൺസിലർമാരുടെയും നേതൃത്വത്തിൽ വിതരണം ചെയ്യുന്ന നടപടികളും ആരംഭിച്ചു. പകർച്ചവ്യാധികൾ പരക്കാൻ ഇടം നൽകാതെയുള്ള ശുചീകരണ പ്രവർത്തനമാണ് നാട്ടുകാരുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ നടപ്പാക്കുന്നത്. അണുവിമുക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചു. കൊടുങ്ങല്ലൂർ താലൂക്കിൽ 47 ദുരിതാശ്വാസ ക്യാമ്പുകൾ ഉണ്ടായിരുന്നത് 25 ആയി കുറഞ്ഞിട്ടുണ്ട്. 2529 കുടുംബങ്ങളിൽ നിന്നായി 7322 ആളുകളാണ് ഇപ്പോഴും ക്യാമ്പിൽ താമസിക്കുന്നത്. മേത്തല ബാലാനുബോധിനി എൽപി-52, അഴീക്കോട് സുനാമി ഷെൽട്ടർ-10, ചെന്ത്രാപ്പിന്നി ഗവ. മാപ്പിള ഹയർസെക്കണ്ടറി സ്കൂൾ-119, ചെന്ത്രാപ്പിന്നി ആർ,സി. യുപി-72, എടത്തുരുത്തി പൈനൂർ എൻഎൽപിഎസ്-47, എടത്തുരുത്തി സെന്റ് ആൻസ് കോണ്വെന്റ്-290, എടത്തുരുത്തി ചൂലൂർ ഐടിഐ-60, എടത്തുരുത്തി അൽ അൻവറുൾ ഇസ്ലാമിക് എൽപി സ്കൂൾ-41, ചെന്ത്രാപ്പിന്നി എച്ച്എസ്-246, ചെന്ത്രാപ്പിന്നി പെരുമ്പടപ്പ് ഈസ്റ്റ് യുപി സ്കൂൾ-32, എടവിലങ്ങ് കാര ഫിഷറീസ് എൽപി-146, എടവിലങ്ങ് ഗവ. എച്ച്എസ്-133, എടവിലങ്ങ് കാര സെന്റ് ആൽബന-24, എറിയാട് കെ.വി.എച്ച്.എസ്.എസ്-197, എറിയാട് ശിശുവിദ്യാപോഷിണി-160, എറിയാട് എംഐടി-32, കയ്പമംഗലം പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ-114, കയ്പമംഗലം കൂരിക്കുഴി മദ്രസ-40, കയ്പമംഗലം ബുസ്താനുൽ ഉലൂം മദ്രസ-89, കയ്പമംഗലം ആർ.സി. യുപിഎസ്-209, പി.വെമ്പല്ലൂർ അയ്യപ്പൻകാവ് എഫ്ആർയുപിഎസ്-30, പി.വെമ്പല്ലൂർ എംഐടി യുപിഎസ്-10, മതിലകം കളരിപ്പറമ്പ് യുപിഎസ്-28, പെരിഞ്ഞനം ഈസ്റ്റ് യുപിഎസ്-126, പെരിഞ്ഞനം ജിയുപിഎസ്-252, എസ്.എൻപുരം പള്ളിനട എംഎആർഎം-84 എന്നിങ്ങനെയാണ് ക്യാമ്പുകളുടെ പ്രവർത്തനം.

## മാറ്റി വച്ചു

പൊന്നാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ചിൽ ആഗസ്റ്റ് 18 ന് നടത്താനിരുന്ന സിവിൽ സർവ്വീസ് പ്രിലിംസ് കം മെയിൻസ് കോച്ചിങ്ങിനുള്ള പ്രവേശന പരീക്ഷ ആഗസ്റ്റ് 25 ലേക്ക് മാറ്റി. ടിഡിസി, ഫൗണ്ടേഷൻ, ത്രീ ഇയർ സിവിൽ സർവീസ് ഫൗണ്ടേഷൻ ക്ലാസുകൾ ആഗസ്റ്റ് 18 ന് ഉണ്ടായിരിക്കുമെന്ന് കോർഡിനേറ്റർ അറിയിച്ചു.

## നോർക്ക പുരധിവാസ പദ്ധതി ഫീൽഡ് ക്യാമ്പ് ആഗസ്റ്റ് 21 ന്

പ്രവാസി പുനരധിവാസ പദ്ധതിയിൻ കീഴിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഓവർസീസ് ബാങ്ക്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്നിവരുടെ സഹകരണത്തോടെ ആഗസ്റ്റ് 21 ന് രാവിലെ 10 ന് കുന്നംകുളം ചൊവ്വന്നൂർ അറേബ്യൻ പാലസ്സ് ഓഡിറ്റോറിയത്തിൽ വായ്പാ യോഗ്യത നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കും. ചുരുങ്ങിയത് രണ്ടു വർഷക്കാലമെങ്കിലും വിദേശത്ത് ജോലി ചെയ്ത് സ്ഥിരമായി മടങ്ങിയെത്തിയ പ്രവാസികൾക്ക് തുടങ്ങാവുന്ന സംരംഭങ്ങളെ പ്രസ്തുത പരിപാടിയിൽ പരിചയപ്പെടുത്തും. അർഹരായ സംരംഭകർക്ക് തൽസമയം വായ്പ നിബന്ധനകളോടെ അനുവദിക്കുന്നതും അഭിരുചിയുള്ളവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ഇതിനായി സർക്കാർ മാനേജ്മെന്റ് പരിശീലന സ്ഥാപനമായ സിഎംഡിയുടെ സേവനവും ലഭ്യമാക്കും. സംരംഭകർക്ക് മൂലധന, പലിശ സബ്സിഡികൾ ലഭ്യമാക്കുന്ന പദ്ധതിയിൻ കീഴിൽ സംരംഭകരാകാൻ താല്പര്യമുള്ളവർ നോർക്ക റൂട്ട്സിന്റെ വെബ് സൈറ്റായ www.norkaroots.org യിൽ എൻഡിപിആർഇഎം ഫീൽഡിൽ ആവശ്യരേഖകളായ പാസ്പോർട്ട്, പദ്ധതി യുടെ വിവരണം, അപേക്ഷകന്റെ ഫോട്ടോ എന്നിവ അപ്പ്ലോഡ് ചെയ്ത് മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. ഇതോടൊപ്പം അവർ തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക

ഉൾപ്പെടെയുള്ള ലഘു വിവരണവും, 2 വർഷം വിദേശവാസം തെളിയിക്കുന്ന പാസ്പോർട്ട്, റേഷൻ കാർഡ്, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ അസ്സലും, പകർപ്പും, 3 പാസ്സ്പോർട്ട് സൈസ്സ് ഫോട്ടോയും അന്നേദിവസം കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് സി.എം.ഡി യുടെ സഹായ കേന്ദ്രം (0471-2329738) നമ്പറിലും, നോർക്ക റൂട്ട്സിന്റെ ടോൾഫ്രീ നമ്പരായ 1800 425 3939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തു നിന്നും) (മിസ്ഡ് കോൾ സേവനം), 04842371810 (എറണാകുളം) 0487-2360707 എന്നീ നമ്പറുകളിലും ബന്ധപ്പെടണം.

## സ്കോളർഷിപ്പ്

തൃശൂർ കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസക്കാരായ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഈ സാമ്പത്തിക വർഷം സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 40 ശതമാനോ അതിനു മുകളിലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30. പൂരിപ്പിച്ച അപേക്ഷ പുല്ലഴിയിലുള്ള ഒളരിക്കര ശിശുവികസന പദ്ധതി ഓഫീസ് അർബൺ ഒന്നിലും പെരിങ്ങാവിലുള്ള ഒല്ലൂക്കര ശിശുവികസന പദ്ധതി ഓഫീസിലും സ്വീകരിക്കും. ഫോൺ : 0487-2360008.

## മീഡിയ അക്കാദമി ഫോട്ടോഗ്രാഫി അവാർഡ് : അപേക്ഷ ആഗസ്റ്റ് 24 വരെ സ്വീകരിക്കും

കേരള മീഡിയ അക്കാദമിയുടെ 2018 ലെ ഫോട്ടോഗ്രഫി അവാർഡിനുള്ള എൻട്രി ആഗസ്റ്റ് 24 വരെ സ്വീകരിക്കും. 2018 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച മികച്ച ന്യൂസ് ഫോട്ടോഗ്രഫിക്കാണ് അവാർഡ്. ഒരാൾക്ക് പരമാവധി മൂന്ന് എൻട്രികൾ വരെ അയയ്ക്കാം. ഫോട്ടോകൾ 10 X 8 വലിപ്പത്തിൽ 4 പ്രിന്റുകൾ വീതം അയ്ക്കണം. ഫോട്ടോയിൽ പേര് ചേർത്തിട്ടില്ലായെങ്കിൽ സ്ഥാപനത്തിന്റെ മേലാധികാരിയുടെ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കണം. എൻട്രികൾ ഫോട്ടോ പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനലും 4 ഫോട്ടോകളും സഹിതം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 682030 എന്ന വിലാസത്തിൽ 2019 ആഗസ്റ്റ് 24 വൈകിട്ട് 5 ന് ലഭിച്ചിരിക്കണം. ഫലകവും 25000 രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരജേതാക്കൾക്കു ലഭിക്കുക. ഫോൺ: 0484-2422275.

## കവചം: പ്രകൃതിദുരന്ത മേഖലകളിൽ ആയുർവേദ ക്യാമ്പ് തുടങ്ങി

തൃശൂർ ജില്ലയിൽ മഴക്കെടുതി ബാധിച്ച മേഖലകളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ കവചം ആയുർവേദ ക്യാമ്പ് എടവിലങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ പി ആദർശ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് മിനി തങ്കപ്പൻ അദ്ധ്യക്ഷത വഹിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എസ് ഷിബു മുഖ്യാതിഥിയായി. ആരോഗ്യ വിഭാഗം സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അനിൽകുമാർ, ഗ്രാമപഞ്ചായത്തംഗം കെ പി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. പ്രകൃതി ദുരന്താനന്തരം ഉണ്ടാവാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കാനും മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള കൗൺസിലിങ്ങും തുടങ്ങിയ ചികിത്സാവിധികളുടെ സേവനം ക്യാമ്പിൽ ലഭ്യമാണ്. രോഗികൾക്ക് സൗജന്യമായി ഔഷധവിതരണം ചെയ്തു.

## പിഎസ്സി അഭിമുഖം

തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് മലയാളം (കാറ്റഗറി നമ്പർ 272/2017) തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ യോഗ്യരായവരുടെ അഭി

മുഖം ആഗസ്റ്റ് 21, 22 തീയതികളിൽ പാലക്കാട് ജില്ലാ പിഎസ്‌സി ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും നിർദ്ദിഷ്ട സ്ഥലത്തും ഉദ്യോഗാർത്ഥികൾ ഹാജരാകണമെന്ന് പിഎസ്‌സി ജില്ലാ ഓഫീസർ അറിയിച്ചു.